പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1972 — 14.08.2017 -ൽ മറുപടിക്ക്.

## ഹോട്ടൽ ഭക്ഷണ വില നിയന്ത്രണം

ചോദ്യം

**ശ്രീ.ചിറ്റയം ഗോപകുമാർ**
**ശ്രീ.ഇ.കെ.വിജയൻ**
**ശ്രീ.വി.ആർ. സുനിൽ കുമാർ**
**ശ്രീ.എൽദോ എബ്രഹാം**

മറുപടി

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

(എ) ഹോട്ടൽ ഭക്ഷണ വില നിയന്ത്രിക്കുന്നതിന് ഹോട്ടൽ വില നിയന്ത്രണ നിയമം നടപ്പിലാക്കാൻ തയ്യാറാകുമോ ;

(ബി) ഹോട്ടൽ വില നിയന്ത്രിക്കുന്നതിനായി ജില്ലാതല ഭക്ഷണ വില ക്രമീകരണ അതോറിറ്റികൾ രൂപീകരിക്കുന്നതിന് തയ്യാറാകുമോ ;

(സി) പാൽ, പച്ചക്കറി, ഇറച്ചി എന്നിവക്ക് വില കൂടുമ്പോൾ വില വർദ്ധിപ്പിക്കുന്നത് പോലെ വില കുറയുമ്പോൾ ഭക്ഷണവില കുറയ്ക്കുന്നതിനും പ്രസ്തുത നിയമത്തിൽ വ്യവസ്ഥ ചെയ്യുമോ ?

(എ), (ബി) & (സി) ഹോട്ടലുകളെ ഗ്രേഡ് ചെയ്ത് വില ഏകീകരിക്കുന്നതിനുള്ള ശ്രമം നിയമപരമായി നിലനിൽക്കുമോ എന്ന കാര്യം പരിശോധിക്കുന്നതിനായി 10.08.2016 തീയതിയിൽ ഒരു യോഗം ചേർന്നിരുന്നു. നിയമം മൂലമുള്ള ഭക്ഷണ വില ഏകീകരണത്തിന് സാധുത ഇല്ലെന്നും ആയത് അപ്രായോഗികമാണെന്നുമുള്ള വാദമാണ് പ്രസ്തുത യോഗത്തിൽ ഉയർന്നു വന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില ക്രമീകരിക്കുന്നതിനായി രൂപം നല്കിയ "2015 ലെ കേരള ഹോട്ടലുകൾ (ഭക്ഷണ വില ക്രമീകരണം) ബില്ല്" -ന് പ്രസക്തി ഇല്ല എന്ന് കണ്ടതിനാൽ മറ്റ് എന്ത് നടപടികൾ സ്വീകരിക്കാമെന്ന് ഗൗരവപൂർവ്വം ആലോചിച്ച് വരുന്നു. ഹോട്ടലുകളിൽ ഭക്ഷണസാധനങ്ങളുടെ വില പ്രദർശിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**